ബഹു. സുപ്രീംകോടതി ഹൈക്കോടതി വിധി ശരിവയ്ക്കുകയും ചെയ്തു. ഏതാണ്ട് ഇരുപത് വർഷങ്ങളായി നടന്നുവരുന്നതും, ഏകദേശം നൂറ്റി അറുപത് കോടി രൂപ ചെലവഴിച്ചതുമായ ഈ പദ്ധതിയിൽ നിന്ന് ഇതുവരെ പ്രയോജനമൊന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ബാക്കി പണികൾ കഴിവതും വേഗം ചെയ്ത് തീർത്ത് പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് നിലവിലുള്ള പൊതുമരാമത്ത്വകുപ്പ് നിരക്കുകൾക്കനുസൃതമായി കരാർ നിരക്ക് നിജപ്പെടുത്തിയത്.

(സി) പുതുക്കി നിജപ്പെടുത്തിയ നിരക്കിൽ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നതേയുള്ളൂ. ഇതുമൂലം ഉണ്ടാകാവുന്ന ബാദ്ധ്യത പണി പൂർത്തീകരിച്ചതിനുശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മീറ്റർ റീഡർമാർ

54 (946) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ കരാർ അടിസ്ഥാനത്തിൽ എത്ര മീറ്റർ റീഡർമാർ ജോലി ചെയ്യുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി ഈ ഇനത്തിൽ ബോർഡിന് എന്തു തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 749 പേർ. ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

കാസർഗോഡ്	24
കണ്ണൂർ	58
വയനാട്	40
കോഴിക്കോട്	44
പാലക്കാട്	84
മലപ്പുറം	43
തിരുവനന്തപുരം	64
കൊല്ലം	10
പത്തനംതിട്ട	43
കോട്ടയം	90
ഇടുക്കി	46
എറണാകുളം	78
തൃശ്ശൂർ	98
ആലപ്പുഴ	10
മൊത്തം	749 പേർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5,64,24,720 രൂപ (അഞ്ചു കോടി അറുപത്തിനാല് ലക്ഷത്തി ഇരുപത്തി നാലായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ മാത്രം) ചെലവായിട്ടുണ്ട്.

ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരുടെ എണ്ണം

55 (947) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ പരിഷ്ക്കരണ നടപടികളുടെ ഭാഗമായി ജീവനക്കാരുടെ എണ്ണം കുറച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെയായി എത്ര ജീവനക്കാരെ കുറച്ചിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി ബോർഡിന്റെ പരിഷ്ക്കരണ നടപടികളുടെ ഭാഗമായി കുറവു ചെയ്ത ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് ചുവടെ ചേർക്കുന്നു.

കാറ്റഗറി	എണ്ണം
(1)	(2)
ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	5
ചീഫ് എഞ്ചിനീയർ (സിവിൽ)	2
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	7
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ)	5
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	21
എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	8
അക്കൗണ്ടസ് ഓഫീസർ	37
ഫിനാൻസ് ഓഫീസർ	8
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	125
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	197
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	58

LIBRARY ARCHIVES Kerala Legislative Assembly